നം. സി.ഇ.ഇ/1515/2011/കെഇഎഎം-2012/റ്റി.എ.1(3)

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

## ബിഡിഎസ് കോഴ്സ് പ്രവേശനം - 2012

## ന്യൂനപക്ഷ പദവിയുള്ള /കമ്മ്യൂണിറ്റി ക്വാട്ടയുള്ള

## സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിലെ അലോട്ട്മെന്റ്

(G.O.(Rt)No.1814/2012/H&FWD, dated Thiruvananthapuram,31.05.2012)
(G.O.(Rt)No.1919/2012/H&FWD, dated Thiruvananthapuram,11.06.2012)

സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിലേക്കുള്ള 2012 ലെ അലോട്ടുമെന്റ് നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. കേരള സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള/ കമ്മ്യൂണിറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ, പ്രസ്തുത ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ/കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായിട്ടുള്ള ഡന്റൽ കോളേജുകളുടേയും സംവരണ ത്തിന് അർഹമായ സമുദായങ്ങളുടെയും വിശദാംശങ്ങൾ ഇനി പറയുന്നു:

### DENTAL COLLEGES :

| Sl. No. | College code | Institution | Community | Authority to issue Certificates |
|---|---|---|---|---|
| 1 | CDC | Century International Institute of Dental Sciences & Research Centre, Poinachi, Kasaragod | Muslim from Kasaragod District | Village Officer |
| 2 | KAD | Kannur Dental College, Anjarakandy, Mamba P O, Kannur | Muslim from Kannur District | Village Officer |
| 3 | KMD | KMCT Dental College, Mampetta, Manassery P O, Mukkom, Kozhikode | Muslim from Kozhikode, Wyanad and Malappuram Districts | Village Officer |
| 4 | PMS | PMS College of Dental Sciences and Research Centre, Vattappara, Thiruvananthapuram | Muslim from northern districts starting from Ernakulam | Village Officer |
| 5 | MED | MES Dental College, Perinthalmanna, Palachode P O, Malappuram | Muslim | Village Officer |
| 6 | RDC | Royal Dental College, Iron Hills, Chalissery P O, Palakkad | Muslim | Village Officer |
| 7 | AAD | Al-Azhar Dental College, Perumpillichira P O, Thodupuzha, Idukki | Muslim | Village Officer |
| 8 | ADC | Annoor Dental College, Puthuppady P O, Muvattupuzha, Ernakulam | Muslim | Village Officer |
| 9 | AZD | Azeezia College of Dental Sciences & Research, Meeyyannoor, Kollam | Muslim | Village Officer |
| 10 | EID | Educare Institute of Dental Science, Kiliyamannil Campus, Chattiparamba, Malappuram | Muslim | Village Officer |
| 11 | IGD | Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam | Muslim | Village Officer |
| 12 | MLD | Malabar Dental College and Research Centre, Chekanoor Road, Mudur P O, Edappal, Malappuram | Muslim | Village Officer |
| 13 | PSD | PSM College of Dental Science and Research, Akkikavu, Thrissur | Muslim | Village Officer |
| 14 | SVD | Sri Sankara Dental College, Akathumuri, Varkala, Thiruvananthapuram | Ezhava | Village Officer |
| 15 | SGD | St. Gregorios Dental College, Chelad P O, Kothamangalam, Ernakulam | Jacobite Syrian Christian | Village Officer |
| 16 | MBD | Mar Baselios Dental College, Kothamangalam, Ernakulam | Jacobite Syrian Christian | Village Officer |

ഈ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപറയുന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്.

(1) **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമ (**Proforma for Submission of Candidate Details**) പൂരിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയത്.

(2) **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമയിൽ കമ്മ്യൂണിറ്റി/ജാതി സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയത്.

(3) 2012 ലെ കേരള MBBS/BDS കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈഴവ (**EZ**) സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ തിരുവനന്തപുരം, വർക്കല, ശ്രീ ശങ്കര ഡെന്റൽ കോളേജിലേക്ക് **(SVD)** അപേക്ഷിച്ചാൽ "ഈഴവ" ക്വാട്ടയിൽ പരിഗണിക്കുന്നതാണ്. എന്നാൽ MBBS/BDS സമുദായ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത ഈഴവ സമുദായത്തിൽപെട്ട വിദ്യാർത്ഥികൾ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിലേക്കായി മേൽപറഞ്ഞ (1 & 2) സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

(4) 2012ലെ കേരള MBBS/BDS കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം **(MU)** സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, ജാതി/സമുദായ സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല. എന്നാൽ താഴെപ്പറയുന്ന മുസ്ലീം മൈനോറിറ്റി സംവരണമുള്ള കോളേജുകളിലെ മൈനോറിറ്റി/കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ മേൽപറഞ്ഞ (1 & 2) സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്. ടി സമുദായ സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥിക്ക് സംവരണത്തിന് അർഹതയുള്ള ജില്ല രേഖപ്പെടുത്തേണ്ടതാണ്.

   (a) കാസറഗോഡ്, സെഞ്ചറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡന്റൽ സയൻസസ് & റിസർച്ച് സെന്ററിലേക്ക് വേണ്ടി "കാസറഗോഡ് ജില്ലയിലെ മുസ്ലീം" സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ.

   (b) കണ്ണൂർ ഡന്റൽ കോളേജിലേക്ക് വേണ്ടി "കണ്ണൂർ ജില്ലയിലെ മുസ്ലീം" സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ. (സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജു കളിലെ MBBS കോഴ്സിലെ മൈനോറിറ്റി/കമ്മ്യൂണിറ്റി സംവരണത്തിനായി "കണ്ണൂർ" ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവർ വീണ്ടും സമർപ്പിക്കേണ്ടതില്ല)

   (c) കോഴിക്കോട്, കെ.എം.സി.റ്റി. ഡന്റൽ കോളേജിലേക്ക് വേണ്ടി "കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുസ്ലീം" സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ. (സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ MBBS കോഴ്സിലെ മൈനോറിറ്റി/കമ്മ്യൂണിറ്റി സംവരണ ത്തിനായി "കോഴിക്കോട്, വയനാട്, മലപ്പുറം" ജില്ലകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവർ വീണ്ടും സമർപ്പിക്കേണ്ടതില്ല)

   (d) തിരുവനന്തപുരം, പി.എം.എസ്. കോളേജ് ഓഫ് ഡെന്റൽ സയൻസസ് & റിസർച്ച് സെന്ററിലേക്ക് വേണ്ടി "എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിലെ മുസ്ലീം" സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ.

മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം 695001** എന്ന വിലാസത്തിൽ **25/06/2012(തിങ്കളാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്. **25/06/2012** നു വൈകുന്നേരം 5 മണിക്കു ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ യാതൊരു കാരണ വശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

ഈ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ എല്ലാ കോളേജുകളിലേക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20.06.2012